(Pages : 3) **B – 3580**

Reg. No. : .....

Name : .....

Third Semester B.A./B.Sc. Degree Examination, December 2016
First Degree Programme Under CBCSS
Language Course – VII
ML 1311.1 : (Additional Language – III)
DRSYAKALA SAHITYAM
(2013 Admn.)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ രണ്ടു വാക്യത്തിലോ ഉത്തരമെഴുതുക.

1) ഊരുഭംഗത്തിന്റെ മൂലകഥ സ്വീകരിച്ചിരിക്കുന്നത് എവിടെ നിന്നാണ് ?

2) പരീക്ഷണനാടകമായ '1128-ൽ ക്രൈം 27' രചിച്ചതാര് ?

3) നളചരിതത്തിന് എ. ആർ. രചിച്ച വ്യാഖ്യാനമേത് ?

4) 'ഉയരുന്ന യവനിക' ഏതു വിഭാഗത്തിൽ ഉൾപ്പെടുന്നു ?

5) സൗഗന്ധികപുഷ്പം എത്തിയത് ഏതു ദിക്കിൽ നിന്നും ?

6) 'വാൻഗോഗ് 'എന്ന ഡച്ച് ചിത്രകാരന്റെ പരാമർശമുള്ള നാടകം ഏത് ?

7) താത്രിയുടെ അച്ഛനാര് ?

8) 'ഒരു വടക്കൻ വീരഗാഥ', പെരുന്തച്ചൻ, എന്നീ തിരക്കഥകൾ രചിച്ചതാര് ?

9) സിനിമയുടെ സാഹിത്യരൂപമേത് ?

10) കണ്ണുകൾക്ക് പീയൂഷ ധാരികയായത് ഏത് ? **(10×1=10 Marks)**

All Saints' College Trivandrum

P.T.O.

II. ഏതെങ്കിലും **എട്ടു** ചോദ്യത്തിന് **ഓരോ** ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക.

11) ''സ്വന്തം കണക്കു കൂട്ടിയപ്പോൾ തെറ്റി. അന്നു നിർത്തി. അങ്ങനെയുള്ളവർ മറ്റുള്ളവരുടെ ഭാവി പറയരുത് '' – ആരുടെ വാക്കുകൾ ? സന്ദർഭം എന്ത് ?

12) ''പ്രണയം നിഷേധിക്കപ്പെട്ട് മരണത്തെപ്പോലും പ്രണയിച്ചവനാണല്ലോ '' – വിശദമാക്കുക.

13) 'സൂപതി മാരുതി ഭീമൻ ചിരിച്ചുകൊണ്ടുരചെയ്തു'' – ഉരചെയ്തത് ഏതൊക്കെ ?

14) 'യാതൊരു യുദ്ധവും ധർമ്മയുദ്ധമല്ല' – സൂചിതമെന്ത് ?

15) ''അർണ്ണവം തന്നിലല്ലോ നിമ്നഗ ചേർന്നു ഞായം
അന്യഥാ വരുത്തുവാൻ കുന്നു മുതിർന്നീടുമോ' – ആശയം വിശദമാക്കുക.

16) 'കൈയ്യൽ കിട്ടുകിൽ നന്നായിരുന്നു കേളിചെയ്വാൻ' ആരെ ? വ്യക്തമാക്കുക.

17) 'മുൽപാടറിഞ്ഞീല, ഗദാപ്രഹര –
നോവിപ്പോഴാണേല്പതു നിർഭരം ഞാൻ' – ആരുടെ വാക്കുകൾ ? നോവിന്റെ കാരണമെന്ത് ?

18) 'രാമാദികൾക്കുമബദ്ധം പിണഞ്ഞു പോൽ' – രാമായണത്തിലെ ഏതു സന്ദർഭമാണ് കുഞ്ചൻ നമ്പ്യാർ സൂചിപ്പിക്കുന്നത് ?

19) ''കണ്ണുതുറന്നാൽ കാണുന്നത് പേടിപ്പിക്കുന്നതാണെങ്കിൽ കണ്ണടക്കുന്നതാണുചിതം'' – ആരുടെ വാക്കുകൾ ? പ്രസ്തുതമെന്ത് ?

20) 'ഭാഗ്യംകെട്ട ഞാൻ ജീവിച്ചിരിപ്പുണ്ട്.' – ആരുടെ വാക്കുകൾ ? കാരണമെന്ത് ?

21) ഗദാസംഘട്ടനത്തിന്റെ ഘോഷം കേട്ട് ഭടന്മാർ ഭയചകിതരാകുന്നതെങ്ങനെ ?

22) 'വിധിമിയലേറും നിന്നെ സഖിയായിട്ടല്ല
നല്ല നിധിയായിട്ടല്ലോ തന്നു'' ആര് ? ആരെക്കുറിച്ചാണിപ്രകാരം പറയുന്നത് ?

(8×2=16 Marks)

III. ഏതെങ്കിലും **ആറു** ചോദ്യത്തിന് **നൂറ്റിരുപതു** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

23) ''ഊർജ്ജിതാശയ ! പാർത്ഥിവ ! തവ ഞാനുപകാരം കുര്യാം'' – സന്ദർഭം വിശദമാക്കുക.

24) ആട്ടക്കഥാ സാഹിത്യത്തിൽ നളചരിതത്തിനുള്ള സ്ഥാനം എന്ത് ?

25) 'കണ്ണുകൾക്കിരു നല്ല പീയൂഷധാരികയോ – എന്താണ് പ്രസ്തുത വരികളിലൂടെ സൂചിപ്പിക്കുന്നത് ?

All Saints' College Trivandrum

26) കല്യാണസൗഗന്ധിക പുഷ്പം തേടിപ്പോയ ഭീമൻ കണ്ട കാഴ്ചകൾ എന്തെല്ലാം ?

27) ഗദാഘാതമേറ്റ ഭീമന്റെ ഉയിർത്തെഴുന്നേല്പ് എപ്രകാരം ?

28) കുറിയേടത്ത് താത്രിയോട് നമ്പൂതിരിമാർ കാട്ടിയ ക്രൂരത എന്ത് ?

29) ചന്ദ്രൻ ഒന്നു മതി നക്ഷത്രങ്ങൾ നിരവധി – സൂചിതം എന്ത് ?

30) പെരുന്തച്ചനിൽ പരാമർശിക്കുന്ന പിതൃ-പുത്ര ബന്ധം വിമർശനദൃഷ്ട്യാ പരിശോധിക്കുക.

31) ദശരൂപങ്ങൾ എന്ത് ? നാടകലക്ഷണം വിവരിക്കുക. **(6×4=24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

32) നമ്പ്യാരുടെ വർണ്ണനാപാടവം കല്യാണസൗഗന്ധികത്തെ ആസ്പദമാക്കി വിവരിക്കുക.

33) ഒരു ഉത്തമദൂതന്റെ സവിശേഷതകൾ പേറുന്ന കഥാപാത്രമാണ് ഹംസം – സമർത്ഥിക്കുക.

34) 'ഓരോരോ കാലത്തിലും' എന്ന നാടകത്തിന്റെ സാമൂഹിക പ്രസക്തി ചർച്ച ചെയ്യുക.

35) ഊരുഭംഗം നാടകത്തിന് ഒരാസ്വാദനം തയ്യാറാക്കുക. **(2×15=30 Marks)**

All Saints' College Trivandrum